പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2998 15/12/2015 ൽ മറുപടിക്ക്

## റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലിസ്) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. റെലിസ് പദ്ധതി മുഖേന റവന്യൂ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും തുടർന്ന് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റെലിസ് Ver.1 പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചു കൊണ്ട് 15/09/2011 മുതൽ പദ്ധതി നടപ്പാക്കിയിരുന്നു. ഇതിലുള്ള അപാകതകൾ കൂടി പരിഹരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ആയത് പരിഷ്കരിക്കുകയും അതുപയോഗിച്ചുകൊണ്ട് റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 17/08/2015 മുതൽ തുടങ്ങിയ സംയോജിത ഓൺ ലൈൻ പോക്കുവരവ് തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യഘട്ടമായി 31/03/2016 നകം ടി പദ്ധതി സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു. |

(ബി) കേരളത്തിലെ എത്ര ശതമാനം റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായെന്നും സർട്ടിഫിക്കറ്റുകൾ അടക്കം എല്ലാ രേഖകളും കമ്പ്യൂട്ടർ വഴി നൽകുന്നുവെന്നും പറയാമോ;

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും ഭൂമി സംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്നും നൽകി വരുന്നു.

(സി) എപ്പോഴേയ്ക്ക് ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

(സി) 17/10/2015 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം സംസ്ഥാനമൊട്ടാകെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള സംയോജിത ഓൺ ലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി, 31/03/2016 നകം സംസ്ഥാനത്തെ 420 വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ കമ്പ്യൂട്ടർവത്കരിച്ച് അവിടങ്ങളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് എല്ലാ വില്ലേജുകളിലേയും രേഖകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ